"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആയുഷ് വകുപ്പ് - കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് (ഹോംകോ) - ഹോംകോ ജീവനക്കാർക്ക് പെർഫോർമൻസ് ഇൻസെന്റീവ്, എക്സ്ഗ്രേഷ്യ, ഓണകിറ്റ് ഇനത്തിൽ 2017-18, 2018-19, 2019-20, 2020-21 സാമ്പത്തിക വർഷത്തിൽ അധികരിച്ച തുക നൽകിയ നടപടി സാധൂകരിച്ചും 2020-21 വർഷത്തിൽ സ്ഥിരം ജീവനക്കാർക്കുള്ള എക്സ്ഗ്രേഷ്യയും താത്കാലിക ജീവനക്കാർക്കുള്ള പെർഫോമൻസ് ഇൻസെന്റീവ് ആയി നൽകുന്ന തുകയിൽ 10% വർദ്ധനവ് അനുവദിച്ചും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആയുഷ് (ബി) വകുപ്പ്

സ.ഉ.(സാധാ) നം.425/2022/AYUSH തീയതി,തിരുവനന്തപുരം, 03-10-2022

---

പരാമർശം:- 1) സ.ഉ.(സാധാ) നം.312/2021/ആയുഷ്, തീയതി 18/08/2021.
2) ഹോംകോ മാനേജിംഗ് ഡയറക്ടറുടെ 12.08.2021, 25.08.2021 തീയതികളിലെ 105/Bonus/2021/HOMCO, 114/Acts/2021/ HOMCO നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

2017-2018 -ൽ ഹോംകോയിലെ സ്ഥിരം ജീവനക്കാർക്ക് എക്സ്ഗ്രേഷ്യയും താത്കാലിക ജീവനക്കാർക്ക് പെർഫോർമൻസ് ഇൻസെന്റീവും ആയി മുൻ വർഷത്തിൽ നിന്നും 10% വർദ്ധനവോടെ അനുവദിച്ച നൽകിയതും തുടർന്ന് 2018-2019, 2019-2020 എന്നീ സാമ്പത്തിക വർഷങ്ങളിൽ വർദ്ധനവ് വരുത്താതെ അതേ തുക തന്നെ നൽകിയ നടപടിയും സാധൂകരിക്കുന്നതിനും 2020-2021 സാമ്പത്തിക വർഷം 10 % വർദ്ധനവോട് കൂടി എക്സ്ഗ്രേഷ്യയും പെർഫോർമൻസ് ഇൻസെന്റീവും അനുവദിക്കുന്നതും ഹോംകോയിലെ എല്ലാ വിഭാഗം ജീവനക്കാർക്കും ഓണക്കിറ്റ് അനുവദിച്ച നടപടി സാധൂകരിക്കുന്നതും സംബന്ധിച്ച പ്രൊപ്പോസൽ ഹോംകോ എം.ഡി. പരാമർശം 2) പ്രകാരം ലഭ്യമാക്കിയിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹോംകോ ജീവനക്കാർക്ക് പെർഫോർമൻസ് ഇൻസെന്റീവ്, എക്സ്ഗ്രേഷ്യ, ഓണകിറ്റ് ഇനത്തിൽ 2017-18, 2018-19, 2019-20, 2020-21 സാമ്പത്തിക വർഷത്തിൽ അധികരിച്ച തുക നൽകിയ നടപടി സാധൂകരിച്ചും, 2020-21 വർഷത്തെ ബോണസ്സ് വിഷയത്തിൽ ത്രികക്ഷി ചർച്ചയിൽ തീരുമാനിച്ച പ്രകാരം, സ്ഥിരം ജീവനക്കാർക്കുള്ള എക്സ്ഗ്രേഷ്യയും താത്കാലിക ജീവനക്കാർക്കുള്ള പെർഫോമൻസ് ഇൻസെന്റീവ് ആയി നൽകുന്ന തുകയിൽ 10% വർദ്ധനവ് അനുവദിച്ചും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ

പ്രിൻസിപ്പൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, ഹോംകോ, പാതിരപ്പള്ളി പി.ഒ., ആലപ്പുഴ.
ഡയറക്ടർ. ഹോമിയോപ്പതി വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് ന്യൂമീഡിയ) വകുപ്പ് ,
തിരുവനന്തപുരം.
പൊതുഭരണ(എസ്.സി) വകുപ്പ് (28-09-2022 ലെ ഇനം.നം 1076 പ്രകാരം)
കരുതൽ ഫയൽ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Sheena Paul**
**Date: 03-10-2022 15:17:35**
സെക്ഷൻ ഓഫീസർ

രഹസ്യം

**കേരള സർക്കാർ**

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 28-09-2022**

ഫയൽ നം. ബി3/179/2021/ആയുഷ്. ഇനം നം: 1076

വിഷയം : ആയുഷ് വകുപ്പ് - ഹോംകോ ജീവനക്കാർക്ക് പെർഫോമൻസ് ഇൻസെന്റീവ്, എക്സ്ഗ്രേഷ്യ, ഓണക്കിറ്റ് ഇനത്തിൽ 2017-18, 2018-19, 2019-20, 2020-21 സാമ്പത്തിക വർഷത്തിൽ അധികരിച്ചു നൽകിയ തുക സാധൂകരിച്ചു നൽകുന്നതും, 2020-21 വർഷത്തെ ബോണസ് വിഷയത്തിൽ ത്രികക്ഷി ചർച്ചയിൽ തീരുമാനമായിട്ടുള്ള പ്രകാരം സ്ഥിരം ജീവനക്കാർക്കുള്ള എക്സ്ഗ്രേഷ്യയും താത്കാലിക ജീവനക്കാർക്കുള്ള പെർഫോമൻസ് ഇൻസെന്റീവ് ആയി നൽകുന്ന തുകയിലുള്ള 10% വർദ്ധനവ് അനുവദിക്കുന്നതും.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ആയുഷ് വകുപ്പ്.

29/9

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | |
|---|---|
| ഫയൽ നമ്പർ | ബി3/179/2021/ആയുഷ് |
| 2. വകുപ്പ് | ആയുഷ് (ബി) വകുപ്പ് |
| 3. വിഷയം | ആയുഷ് വകുപ്പ് - ഹോംകോ ജീവനക്കാർക്ക് പെർഫോമൻസ് ഇൻസെന്റീവ്, എക്സ്ഗ്രേഷ്യ, ഓണകിറ്റ് ഇനത്തിൽ 2017-18, 2018-19, 2019-20, 2020-21 സാമ്പത്തിക വർഷത്തിൽ അധികരിച്ച നൽകിയ തുക സാധൂകരിച്ച നൽകുന്നതും, 2020-21 വർഷത്തെ ബോണസ് വിഷയത്തിൽ ത്രികക്ഷി ചർച്ചയിൽ തീരുമാനമായിട്ടുള്ള പ്രകാരം സ്ഥിരം ജീവനക്കാർക്കുള്ള എക്സ് ഗ്രേഷ്യയും താത്കാലിക ജീവനക്കാർക്കുള്ള പെർഫോമൻസ് ഇൻസെന്റീവ് ആയി നൽകുന്ന തുകയിലുള്ള 10% വർദ്ധനവ് അനുവദിക്കുന്നതും - സംബന്ധിച്ച്. |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 04.09.2022. |
| 5.i)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | അതെ |
| ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട് |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട് |
| 7. കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | വിജയകുമാർ .എസ്. |
| 8. കുറിപ്പ് സമർപ്പിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ടിങ്കു ബിസ്വാൾ |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 15.09.2022 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വി.പി. ജോയ് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 19.09.2022 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി. വീണാ ജോർജ്ജ് |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 20.09.2022 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 24.09.2022 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ഹോംകോ ജീവനക്കാർക്ക് പെർഫോമൻസ് ഇൻസെന്റീവ്, എക്സ് ഗ്രേഷ്യ, ഓണകിറ്റ് ഇനത്തിൽ 2017-18, 2018-19, 2019-20, 2020-21 സാമ്പത്തിക വർഷത്തിൽ അധിക തുക നൽകിയ നടപടി സാധൂകരിച്ച് നൽകുന്നതും, 2020-21 വർഷത്തെ ബോണസ് വിഷയത്തിൽ ത്രികക്ഷി ചർച്ചയിൽ തീരുമാനമായിട്ടുള്ള പ്രകാരം സ്ഥിരം ജീവനക്കാർക്കുള്ള എക്സ് ഗ്രേഷ്യയും താത്കാലിക ജീവനക്കാർക്കുള്ള പെർഫോമൻസ് ഇൻസെന്റീവ് ആയി നൽകുന്ന തുകയിലുള്ള 10%വർദ്ധനവ് അനുവദിക്കുന്നതും സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പിലെ വിഷയം.

2) 2017-2018 -ൽ ഹോംകോയിലെ സ്ഥിരം ജീവനക്കാർക്ക് എക്സ്ഗ്രേഷ്യയും താത്കാലിക ജീവനക്കാർക്ക് പെർഫോർമൻസ് ഇൻസെന്റീവും ആയി മുൻ വർഷത്തിൽ നിന്നും 10% വർദ്ധനവോടെ അനുവദിച്ച് നൽകിയതും തുടർന്ന് 2018-2019, 2019-2020 എന്നീ സാമ്പത്തിക വർഷങ്ങളിൽ വർദ്ധനവ് വരുത്താതെ അതേ തുക തന്നെ നൽകിയ നടപടിയും സാധൂകരിക്കുന്നതിനും 2020-2021 സാമ്പത്തിക വർഷം കോവിഡ് സാഹചര്യത്തിൽ പോലും ജീവനക്കാർ ഭൂരിഭാഗവും എത്തിച്ചേർന്നിട്ടുള്ളതും സമ്പൂർണ്ണ ലോക്ഡൗൺ കാലയളവിൽ പോലും ഉല്പാദന മേഖലയിൽ നിരന്തരമായി പ്രവർത്തിക്കുകയും ചെയ്തിട്ടുള്ള ഹോംകോ ജീവനക്കാർക്ക് 2020-21 സാമ്പത്തിക വർഷം 10 % വർദ്ധനവോട് കൂടി എക്സ്ഗ്രേഷ്യയും പെർഫോർമൻസ് ഇൻസെന്റീവും അനുവദിക്കുന്നതും ഹോംകോയിലെ എല്ലാ വിഭാഗം ജീവനക്കാർക്കും ഓണകിറ്റ് അനുവദിച്ച നടപടി സാധൂകരിക്കുന്നതും സംബന്ധിച്ച പ്രൊപ്പോസൽ ഹോംകോ എം.ഡി. ലഭ്യമാക്കിയിരുന്നു. മുൻ വർഷങ്ങളിൽ നൽകപ്പെട്ട എക്സ്ഗ്രേഷ്യാ, പെർഫോർമൻസ് ഇൻസെന്റീവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ ചുവടെ കണ്ടാലും.

| | 2014-2015 | 2015-2016<br><br>GO (Rt) No.448/2016/AYUSH dtd 08.09.2016 | 2016-2017<br><br>GO (Rt) No.415/2017/AYUSH dtd 29.08.2017. |
|---|---|---|---|
| സ്ഥിരം ജീവനക്കാർക്ക് എക്സ്ഗ്രേഷ്യാ | 18250 | 27500 | 30250 X 26 = 7,86,500 (P No. 13 CF) |
| താത്കാലിക ജീവനക്കാർക്ക് പെർഫോമൻസ് ഇൻസെന്റീവ് | 8400 | 12500 | 13750 X 116 = 15,95,000 |

| | | | |
|---|---|---|---|
| എല്ലാ ജീവനക്കാർക്കും ഓണക്കിറ്റ് വിതരണം | 1000 | 2000 | 2200 X 150 = 3,30,000 |
| **ആകെ** | | | **27,11,500** |

| | 2017 -2018 (As per proceedings of MD HOMCO) | 2018 -2019 (As per proceedings of MD HOMCO) | 2019 -2020 (GO (Rt) No.315/2020/AYUSH dtd 26.08.2020) |
|---|---|---|---|
| സ്ഥിരം ജീവനക്കാർക്ക് എക്സ്ഗ്രേഷ്യാ | 33275 x 20 = 6,65,500 | 33275 x 20 = 6,65,500 | 33275 x 18 = 5,98,950 |
| താത്കാലിക ജീവനക്കാർക്ക് പെർഫോമൻസ് ഇൻസെന്റീവ് ഉൾപ്പെടെ ബോണസ് | 15125 x 117 = 17,69,625 | 15125 x 117 = 17,69,625 | 15125 x 140 = 21,17,500 |
| എല്ലാ ജീവനക്കാർക്കും ഓണക്കിറ്റ് വിതരണം | 2200 x 137 = 3,01,400 (As per HOMCO Council decision) | 2200 x 137 = 3,01,400 (As per HOMCO Council decision) | 3000 x 158 = 4,74,000 (As per HOMCO Council decision) |
| **ആകെ** | **27,36,525** | **27,36,525** | **31,90,450** |

3) 2017 -18 - ലെ ബോണസ് നൽകുന്നതുമായി ബന്ധപ്പെട്ട് ഹോംകോ മാനേജിംഗ് ഡയറക്ടറുടെ സാന്നിദ്ധ്യത്തിൽ യൂണിയൻ നേതാക്കൾ ചർച്ച നടത്തുകയും അവർ ആവശ്യപ്പെട്ട പ്രകാരമുള്ള 10% വർദ്ധന നൽകുന്നതിന് മാനേജ്മെന്റിന് സാധിക്കുകയില്ല എന്ന നിലപാട് സ്വീകരിക്കുകയും, പിന്നീട് 2018 -ലെ മഹാ പ്രളയത്തെ തുടർന്ന് ഉന്നതതല ചർച്ച നടക്കാതെ വരികയും ഹോംകോ ഭരണസമിതി തീരുമാനത്തിന് വിധേയമായി മഹാ പ്രളയത്തിന്റെ സാഹചര്യത്തിൽ ഒരു തുക അനുവദിക്കുന്നത് അഭികാമ്യമായിരിക്കുമെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്നും അധിക സാമ്പത്തിക ബാധ്യത 25025/- രൂപ (₹ 27,36,525 - ₹ 27,11,500) ആയതുകൊണ്ടും സഹായധനമായി ഒരു തുക തിരിച്ചുപിടിക്കേണ്ട മുൻകൂറായി അനുവദിക്കുകയും ചെയ്തതായും മേൽ തീരുമാനം ഹോംകോ ഭരണ സമിതി പരിശോധിക്കുകയും 30.05.2019 -ലെ ഭരണ സമിതി തീരുമാനം നം.8 പ്രകാരം സാമ്പത്തിക ബാധ്യത 25025/- രൂപ ആകയാൽ അധികമായി അനുവദിച്ച തുക തിരിച്ച് പിടിക്കേണ്ടതില്ല എന്ന് തീരുമാനിക്കുകയും ചെയ്തതായും ഹോംകോ മാനേജിംഗ് ഡയറക്ടർ അറിയിച്ചിരിക്കുന്നു.

ഹോംകോയിലെ ജീവനക്കാർക്ക് 2017 - 18 സാമ്പത്തിക വർഷത്തെ ബോണസ്/എക്സ്ഗ്രേഷ്യ അനുവദിച്ച ഹോംകോ മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, 10.08.2018-ലെ സർക്കാർ ഉത്തരവ് (അച്ചടി)നം. 68/2018/തൊഴിൽ പ്രകാരം, മന്ത്രിസഭയുടെ അംഗീകാരം നേടാതെ നൽകുന്ന അധിക ആനുകൂല്യങ്ങൾ യാതൊരു സാഹചര്യത്തിലും സാധൂകരിക്കപ്പെടുകയില്ലായെന്നും മാർഗ്ഗനിർദേശങ്ങൾക്ക് വിരുദ്ധമായി നൽകുന്ന അധിക തുക ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതാണെന്നുള്ള സർക്കാർ തീരുമാനം ഹോംകോ മാനേജിംഗ് ഡയറക്ടറെ അറിയിച്ചിരുന്നു.

4) 2017-2018, 2018-2019, 2019-2020 എന്നീ സാമ്പത്തിക വർഷങ്ങളിൽ അധികരിച്ച് നൽകിയ തുക സാധൂകരിച്ച് നൽകുന്നതും 2020-2021 വർഷത്തെ ബോണസ് വിഷയത്തിൽ സ്ഥിരം ജീവനക്കാർക്ക് എക്സ്ഗ്രേഷ്യാ ഇനത്തിലും താത്കാലിക ജീവനക്കാർക്ക് പെർഫോമൻസ് ഇൻസെന്റീവ് ആയി നൽകുന്ന തുകയിലും 10% വർദ്ധന അനുവദിക്കുന്നതും വർഷങ്ങളായി അനുവദിച്ച് വരുന്ന ഓണക്കിറ്റ് നിലനിർത്തുന്നതും സംബന്ധിച്ച വിഷയത്തിൽ അഭിപ്രായത്തിനായി ഫയൽ ധനവകുപ്പിലേയ്ക്ക് അയച്ചപ്പോൾ ധന വകുപ്പ് ലഭ്യമാക്കിയ അഭിപ്രായം ചുവടെ കണ്ടാലും.

"

ഹോംകോ ജീവനക്കാർക്ക് ബോണസ്, എക്സ്ഗ്രേഷ്യാ ഇനത്തിൽ 2017-2018, 2018-2019, 2019-2020 സാമ്പത്തിക വർഷങ്ങളിൽ അധികരിച്ച് നൽകിയ തുക സാധൂകരിച്ച നൽകുന്ന ശിപാർശയിന്മേൽ 10.08.2018-ലെ സ.ഉ (അച്ചടി)നം. 68/2018/തൊഴിൽ ഉത്തരവിന്റെ വെളിച്ചത്തിൽ ഭരണ വകുപ്പ് ഫയലിലെ ധനവകുപ്പിന്റെ 05.06.2021 തീയതിലെ അഭിപ്രായത്തിൽ ഉറച്ച നിൽക്കുന്നു എന്നും 2020-2021 വർഷത്തെ ബോണസ് വിഷയത്തിൽ സ്ഥിരം ജീവനക്കാർക്ക് എക്സ്ഗ്രേഷ്യാ ഇനത്തിലും താത്കാലിക ജീവനക്കാർക്ക് പെർഫോമൻസ് ഇൻസെന്റീവ് ആയി നൽകുന്ന തുകയിലും 10% വർദ്ധന അനുവദിക്കുന്നതും, വർഷങ്ങളായി അനുവദിച്ച് വരുന്ന ഓണക്കിറ്റ് നിലനിർത്തുന്നതും സംബന്ധിച്ച് നയപരമായ തീരുമാനം ആവശ്യമാകയാൽ ടി വിഷയം ക്യാബിനറ്റ് മുമ്പാകെ കൊണ്ടുവരേണ്ടതാണെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു.

"ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

"

5) 2017-2018 സാമ്പത്തിക വർഷം വർദ്ധിപ്പിച്ച് നൽകിയ തുക തന്നെയാണ് 2018-2019, 2019-2020 സാമ്പത്തിക വർഷങ്ങളിലും നൽകിയിട്ടുള്ളത്. എന്നാൽ 2019-2020, 2020-2021 വർഷങ്ങളിൽ മുൻ വർഷത്തെപ്പോലെ ബോണസ്സ് നൽകുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. 2020-2021 ലെ ബോണസ് ചർച്ചയിൽ 10% വർദ്ധനവ് യൂണിയൻ നേതാക്കൾ ആവശ്യപ്പെടുകയും, ആയതിന്റെ അടിസ്ഥാനത്തിൽ 10% വർദ്ധനവ് അംഗീകരിച്ച് എഗ്രിമെന്റ് ഒപ്പ്

വെച്ചങ്കിലും 10% വർദ്ധനവ് നടപ്പാക്കുന്നത് സംബന്ധിച്ച് മന്ത്രിസഭാ തീരുമാനം ഇല്ലാത്തിനാൽ പ്രസ്തുത വർദ്ധനവ് നടപ്പിലാക്കിയിട്ടില്ല. ഓണക്കിറ്റ് വിഷയത്തിൽ 2017-2018, 2018-2019 വർഷങ്ങളിൽ 2200 രൂപയും, 2019-2020, 2020-2021 വർഷങ്ങളിൽ 3000 രൂപയും ഹോംകോ Administrative Council തീരുമാനപ്രകാരം നൽകിയിട്ടുണ്ട്.

6) മേൽ സാഹചര്യത്തിൽ ഹോംകോ ജീവനക്കാർക്ക് ബോണസ്, എക്സ് ഗ്രേഷ്യ, ഓണകിറ്റ് ഇനത്തിൽ 2017-18, 2018-19, 2019-20, 2020-21 സാമ്പത്തിക വർഷത്തിൽ അധികരിച്ച തുക നൽകിയ നടപടി സാധൂകരിച്ചു നൽകുന്നതും, 2020-21 വർഷത്തെ ബോണസ് വിഷയത്തിൽ ത്രികക്ഷി ചർച്ചയിൽ തീരുമാനമായിട്ടുള്ള പ്രകാരം സ്ഥിരം ജീവനക്കാർക്കുള്ള എക്സ് ഗ്രേഷ്യയും താത്കാലിക ജീവനക്കാർക്കുള്ള പെർഫോമൻസ് ഇൻസെന്റീവ് ആയി നൽകുന്ന തുകയിലുള്ള 10% വർദ്ധനവ് അനുവദിക്കുന്നതും സംബന്ധിച്ച വിഷയത്തിൽ ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**തീരുമാനിക്കേണ്ട സംഗതികൾ**

1) ഹോംകോ ജീവനക്കാർക്ക് പെർഫോർമൻസ് ഇൻസെന്റീവ്, എക്സ്ഗ്രേഷ്യ, ഓണകിറ്റ് ഇനത്തിൽ 2017-18, 2018-19, 2019-20, 2020-21 സാമ്പത്തിക വർഷത്തിൽ അധികരിച്ച തുക നൽകിയ നടപടി ധനകാര്യ വകുപ്പിന്റെ ഉപദേശം മറികടന്ന് കൊണ്ട് സാധൂകരിക്കാമോ;

2) 2020-21 വർഷത്തെ ബോണസ് വിഷയത്തിൽ ത്രികക്ഷി ചർച്ചയിൽ തീരുമാനമായിട്ടുള്ള പ്രകാരം സ്ഥിരം ജീവനക്കാർക്കുള്ള എക്സ്ഗ്രേഷ്യയും താത്കാലിക ജീവനക്കാർക്കുള്ള പെർഫോമൻസ് ഇൻസെന്റീവ് ആയി നൽകുന്ന തുകയിൽ 10% വർദ്ധനവ് അനുവദിച്ച് ഉത്തരവാകാമോ?